LIBRARY ARCHIVES Kerala Legislative Assembly

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഭിന്നശേഷിക്കാരായവരുടെ സ്ഥാനക്കയറ്റം

60 (4784) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം നൽകുന്നത് സംബന്ധിച്ച സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ, എത്ര മാസത്തിനകം ഈ വിധി നടപ്പാക്കണമെന്നാണ് കോടതി ഉത്തരവിൽ പറഞ്ഞിരിക്കുന്നത് ?

സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് ഉദ്യോഗക്കയറ്റത്തിൽ സംവരണം നൽകണമെന്ന് ആശ്രിത നിയമനത്തിലൂടെ ഉദ്യോഗം ലഭിച്ച ഭിന്നശേഷിക്കാരിയായ ശ്രീമതി ലീസാമ്മ ജോസഫ് ഫയൽ ചെയ്ത കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അനുകൂല വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധി ന്യായത്തിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ കേരള സർക്കാർ ഫയൽ ചെയ്തിരുന്ന സിവിൽ അപ്പീൽ നമ്പർ 59/2021 കേസിലെ 28-6-2021 ലെ വിധിന്യായത്തിൽ മൂന്ന് മാസം സമയം അനുവദിച്ചിട്ടുണ്ട്.

(സി) ഇതനുസരിച്ച് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

ഭിന്നശേഷിക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

61 (4785) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1999-2003 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചതും പിന്നീട് സ്ഥിരപ്പെടുകയും ചെയ്ത ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് കോടതി വിധിയുടെയും 14-ാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?